പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2285 | 8.07.2015- ൽ മറുപടി<br>നല്കേണ്ടത്. |

**ലഘുഭക്ഷണങ്ങളിലെ ലെഡ് സാന്നിധ്യം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീമതി. കെ.കെ.ലതിക<br>ശ്രീ. വി.ചെന്താമരാക്ഷൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | നെസ്‌ലെ ഉല്പന്നമായ മാഗി നൂഡിൽസിൽ മാരകമായ തോതിൽ ലെഡ് ചേർത്തിട്ടുണ്ടെന്ന് ലബോറട്ടറി പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് ഉത്തർപ്രദേശ് സർക്കാർ പ്രസ്തുത ഉല്പന്നം നിരോധിച്ച കാര്യം ശ്രദ്ധയിൽ പ്പെട്ടിരുന്നോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വ്യാപകമായി വില്ക്കുന്ന പ്രസ്തുത ഉല്പന്നത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിരുന്നോ; ഈ ഉല്പന്നം നിരോധിക്കാനും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനും നടപടി സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ; | ബി) | Food Safety and Standards Authority of India മാഗി നൂഡിൽസിന്റെ പരിശോധനാഫലം കണക്കിലെടുത്ത് No.10/Q.A/ Enforcement Issues / FSSAI/ 2015 dated 05.06.2015 എന്ന ഉത്തരവ് പ്രകാരം ദേശവ്യാപകമായി ടി ഉൽപന്നം പിൻവലിക്കുവാൻ ഉൽപാദകർക്ക് നിർദ്ദേശം നൽകിയിരുന്നു.ടി നിർദ്ദേശം സംസ്ഥാനത്തും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും ലഭ്യമായ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുവാനും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | മറ്റ് നിർമ്മാതാക്കളുടെസമാന ഉല്പന്നങ്ങളും പരിശോധനയ്ക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ ; | സി) | വിപണിയിൽ ലഭ്യമായ എല്ലാത്തരം ന്യൂഡിൽസിന്റെ സാമ്പിളുകളും ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുവാനും നിശ്ചിത ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്ന ഉൽപാദകർക്കും വിതരണക്കാർക്കുമെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നെസ് ലെ കമ്പനിയുടെ മറ്റ് ഉല്പന്നങ്ങളും ചീറ്റോസ്, കുർകുറെ പോലുള്ള ഉല്പന്നങ്ങളും പരിശോധനയ്ക്ക് വിധേയമാക്കാൻ തയ്യാറാകുമോ ? | ഡി) | നെസ്‌ലെ കമ്പനിയുടെതുൾപ്പെടെ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന എല്ലാത്തരം ഭക്ഷ്യോൽപന്നങ്ങളും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ടി സംഭവത്തിന്റെ പശ്ചാത്തലത്തിൽ നെസ്‌ലെ കമ്പനിയുടെ മറ്റ് ഉൽപന്നങ്ങളും ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനുള്ള നടപടി എടുത്തിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ